# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി14/1702/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം പി14/1702/2023 തീയ്യതി: 25/11/2023

# കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഡാനിമോൾ കെ.ജെ. ഓഡിറ്റ് ഓഫീസർ
ശ്രീ ഷാന്റി ജോർജ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോഷി തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോർജ് മാത്യു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രാജീവ് ആർ | സെക്രട്ടറി | 01-04-2022 | 07-10-2022 |
| ശ്രീ റ്റിജി തോമസ് | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അശ്വിനി എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ജോയ്സി ജോൺ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. സീനിയ പി കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. ബിജു കെ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ജ്യോതി എസ് കുമാർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 06-01-2023 |
| ശ്രീമതി മെർലിൻ ബേബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-01-2023 | 31-03-2023 |
| ശ്രീമതി അന്ന കുമാരൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ദീപ ജോർജ് | വി ഇ ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി ഹെലൻ ക്ലീറ്റസ് | വി ഇ ഒ | 01-04-2022 | 31-03-2023 |
| ഡോ. രശ്മി പി ശശി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2022 | 03-05-2022 |
| ഡോ. ശ്രീജിത് വിജയൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 04-05-2022 | 02-10-2022 |
| ഡോ. പ്രെറ്റി രാജ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 03-10-2022 | 31-03-2023 |
| ശ്രീമതി അജിതാമോൾ എം.കെ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ | 01-04-2022 | 30-06-2022 |
| ശ്രീമതി റോസ് ലിൻ ജേക്കബ് | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ | 01-07-2022 | 31-03-2023 |
| ശ്രീ. വിപിൻ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 28-05-2022 |

| | | | |
|---|---|---|---|
| | (എൽ.ഐ ഡി&ഇ ഡബ്ല്യ) | | |
| ശ്രീമതി ദയ പുരുഷോത്തമൻ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.ഐ ഡി&ഇ ഡബ്ല്യ) | 29-05-2022 | 31-07-2022 |
| ശ്രീമതി കീർത്തി കിരൺ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.ഐ ഡി&ഇ ഡബ്ല്യ) | 01-08-2022 | 31-03-2023 |
| ശ്രീ ബിനു ജോഷി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23 | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ആസ്തികളുടെ മൂല്യശോഷണം വിശദാംശങ്ങളില്ല | 1-1-4 |
| 6 | മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല | 1-1-6 |
| 8 | അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല | 1-1-7 |
| 9 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല | 1-1-8 |
| 10 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-9 |
| 11 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-10 |
| 12 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | Capital Work In Progress പ്രോജക്ട് വിശദാംശം/രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | Prior Period വരവ് ചെലവുകളുടെ വിശദാംശം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല | 1-1-13 |
| 15 | ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക ,ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 20 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | വസ്തുനികുതി - ഒരേ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളെ വ്യത്യസ്ത മേഖലയിലും | 1-11 |

| | | |
|---|---|---|
| | വ്യത്യസ്ത വഴി സൗകര്യത്തിലും ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചു | |
| 26 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-12 |
| 27 | വാടക മുറികൾ ഒഴിവായി കിടക്കുന്നു | 1-13 |
| 28 | അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് അനധികൃതമായി ഖനനം – ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല | 1-14 |
| 29 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന നിർമാണ യന്ത്രത്തിന് ഈടാക്കാവുന്ന ഫീസ് കുറവായി ഈടാക്കി | 1-15 |
| 30 | അധിക വിഭവ സമാഹരണം-അവലോകനം | 1-16 |
| 31 | മുതുകോരമല ടേക്ക് എ ബ്രേക്ക് കെട്ടിടം-ഉപയോഗക്ഷമമാക്കിയിട്ടില്ല. | 1-17 |
| 32 | എംസിഎഫിൽ ബെയിലിംഗ് മെഷീൻ-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-18 |
| 33 | ഇടമല എസ്.റ്റി സാംസ്കാരിക നിലയം പ്രവർത്തനക്ഷമമാക്കിയില്ല | 1-19 |
| 34 | കുടുംബശ്രീ ഹെൽപ്പ്ഡെസ്ക് സംവിധാനമൊരുക്കൽ - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. | 1-20 |
| 35 | മുൻകൂറായി തുക പിൻവലിച്ചത് - വിനിയോഗവിവരം ലഭ്യമല്ല | 1-21 |
| 36 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല. | 1-22 |
| 37 | വീട് വാസയോഗ്യമാക്കൽ- ധനസഹായത്തിന് നൽകുന്ന തുക അപര്യാപ്തം | 1-23 |
| 38 | ലൈഫ് ഭവനപദ്ധതി- വീട് നിർമ്മാണം പൂർത്തിയാക്കിയില്ല | 1-24 |
| 39 | ഗ്രാമപഞ്ചായത്ത് വക വസ്തുവിന്റെ അതിര് ചേർത്ത് നിർമ്മാണപ്രവൃത്തി - തുടർനടപടികൾ സ്വീകരിച്ചില്ല | 1-25 |
| 40 | വസ്തുനികുതി പരിഷ്കരണം | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23

1. പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27/06/2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 30/06/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക്

ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

### 1-1-2 റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-4 ആസ്തികളുടെ മൂല്യശോഷണം വിശദാംശങ്ങളില്ല

ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.

### 1-1-5 മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

സാക്ഷരത പ്രേരകമാർക്ക് മുൻവർഷങ്ങളിൽ നൽകിയ തുകയുൾപ്പെടെ ക്രമീകരിക്കാതെ തുടരുന്നത് Other Advances എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. Advance To Saksharatha ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

### 1-1-6 ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല

കോൺട്രാക്ടേഴ്സ് റീടെൻഷൻ ഇനത്തിലെ വരവ് തുക രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്ററിലെ മുന്നിരിപ്പ് വിശദാംശങ്ങൾ പൂർണ്ണമല്ല.

### 1-1-7 അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല

അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. വിവിധ ശീർഷകങ്ങളിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. Deposit With KSEB, KWA, Advance To Implementing Officers എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.

### 1-1-8 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല

പഞ്ചായത്തിന്റെ ഇ-പെയ്മെന്റ് അക്കൗണ്ടിൽ 2/23,3/23 മാസങ്ങളിൽ നേരിട്ട് ക്രെഡിറ്റായ 1138 രൂപ തിരിച്ചറിയാനാകാത്തതിനാൽ രസീത് ചെയ്യാതെ Other Deposit എന്ന ശീർഷകത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-1-9 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ വിശദാംശങ്ങൾ ലഭ്യമായില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോയെന്നും തൻവർഷം ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് ചെലവഴിച്ച തുകകളെല്ലാം ഉൾപ്പെടുത്തിയോ എന്നും രേഖകളുടെ അഭാവത്തിൽ പരിശോധിക്കാനായില്ല.

### 1-1-10 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1-1-11 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-12 Capital Work In Progress പ്രോജക്ട് വിശദാംശം/രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല.

1-1-13 Prior Period വരവ് ചെലവുകളുടെ വിശദാംശം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല

Prior Period ആയി ക്രമീകരിച്ച 6308/- രൂപ വരുമാനത്തിന്റെയും 191710/- രൂപ ചെലവിന്റെയും ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ പത്രികയോടൊപ്പം Prior Period ക്രമീകരണങ്ങളുടെ വിശദാംശം Notes On Account ആയി സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

1-1-14 ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക ,ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല.

ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല. സി എഫ് സി ഗ്രാന്റ് സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 1153324 രൂപയാണ്. ബി -4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 1045099/- സെക്രട്ടറി, അസി.എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ സർക്കാരിലേക്ക് അടവാക്കാനുള്ള തുകകൾ തനതുഫണ്ടിലേക്ക് മാറ്റാതെ അക്കൗണ്ടിൽ അവശേഷിച്ചതും സെക്രട്ടറി നിർവഹണം നടത്തിയ 228/23 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതിയുടെ ബിൽ തുക തെറ്റായി മെയിന്റനൻസ് നടത്തിയ ആൾക്ക് നൽകാതെ സപ്ലൈയർക്ക് കൈമാറിയത് തിരികെ അക്കൗണ്ടിൽ ലഭിച്ചതുമായ തുകകൾ ധനകാര്യകമ്മീഷൻ അക്കൗണ്ടിൽ വന്നതുമൂലമാണ് തുകയിൽ വ്യത്യാസം വന്നതെന്നും ആയത് ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 30.03.2022 തീയതിയിലെ 6(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 24.3.2023 തീയതിയിലെ 2(1)-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 3786208 | 3786208 |
| വരവ് | 137265000 | 145497580 |
| ആകെ | 141051208 | 149283788 |
| ചെലവ് | 136539000 | 144760080 |
| നീക്കിയിരിപ്പ് | 4512208 | 4523708 |

## 1-3 സാമ്പത്തിക വിശകലനം

### റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 9490659 |
| ഓഡിറ്റ് വർഷത്തെ വരവ് | 36194939 |
| ആകെ | 45685598 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33846770 |
| നീക്കിയിരിപ്പ് | 11838828 |

### ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാ രം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 109111473 |
| ആകെ ചെലവ് | 110058615 |
| പ്രവർത്തന നഷ്ടം | 947142 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 185402 |
| അറ്റ പ്രവർത്തന നഷ്ടം | 1132544 |

### ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1500485 |

## 1-4 ഗ്രാന്റ് വിനിയോഗം

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21158280 | 21158280 | 20269250 | 889030 | 95.79 |
| വികസന ഫണ്ട്-SCP | 0 | 2141000 | 2141000 | 2119426 | 21574 | 98.99 |
| വികസന ഫണ്ട്-TSP | 0 | 593000 | 593000 | 553000 | 40000 | 93.25 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 787,952 | 5431050 | 6219002 | 5358949 | 860053 | 86.17 |
| ധനകാര്യ | 56,320 | 3593558+ | 3778604 | 3592365 | 186239 | 95.07 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ്(Untied) | | 128726 (പലിശ) | | | | |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 5037000 | 5037000 | 3807022 | 1229978 | 75.58 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 10259000 | 10259000 | 8481874 | 1777126 | 82.68 |
| ഐസിഡിഎസ് | 763479 | 797186 | 1560665 | 1180420 | 380245 | 75.63 |
| ആരോഗ്യ ഗ്രാന്റ്-1(9505) | 0 | 171276 | 171276 | 0 | 171276 | - |
| ആരോഗ്യ ഗ്രാന്റ്-2(9480) | 0 | 318034 | 318034 | 0 | 318034 | - |
| ശുചിത്വ മിഷൻ | 2156 | 726000 | 728156 | 728156 | 0 | 100 |

വികസന ഫണ്ടിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും അങ്കണവാടി ഹോണറേറിയത്തിനും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | തനത് നികുതിയുടെ 90% ശേഖരിക്കാത്തത് മൂലം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്റ്റ്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 21372000 | 213720 | 21158280 | 234/23-306600<br>239/23-306600<br>256/23-306600<br>237/23-409233<br>257/23-409233<br>ആകെ-1738266 | 19420014 |
| വികസന ഫണ്ട്-SCSP | 2141000 | - | 2141000 | 235/23-140214<br>258/23-140215<br>ആകെ-280429 | 1860571 |
| വികസന ഫണ്ട്-TSP | 593000 | - | 593000 | 259/23-76723<br>236/23-76724<br>ആകെ-153447 | 439553 |

1.ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2.ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 2020-21 ലെ Unspent തുക തിരികെ ലഭിച്ച തുകയിൽ (ടൈഡ്-

129050, അൺ ടൈഡ്-59558) ചെലവഴിക്കാത്തതിനാൽ ലാപ്സായ തുക കുറച്ചുള്ള തുകയാണ് ബാലൻസ് ഷീറ്റ് (ബി 4) ൽ ഉൾപ്പെട്ടിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ 128726/- രൂപ ഉൾപ്പെടെയുള്ള വരവാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) ൽ എടുത്തിട്ടുള്ളത്.

3.വികസന ഫണ്ട് പൊതുവിഭാഗം മൂന്നാം ഗഡുവിൽ നിന്നും തനത് നികുതിയുടെ 90% ശേഖരിക്കാത്തത് മൂലം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക 213720 രൂപ കുറച്ചുള്ള തുകയാണ് അലോട്ട്മെന്റായി രേഖപ്പെടുത്തിയിട്ടുള്ളത്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷിക പദ്ധതി അവലോകനം

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 06-03-2023പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. 2022-23 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.07.2022 ലെ 1/1 നമ്പർ തീരുമാന പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 11.05.2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 16.05.2022- 23.05.2022 |
| ആസൂത്രണസമിതി യോഗം | 11.05.2022 |
| വികസനസെമിനാർ | 21.06.2022 |
| വയോജന ഗ്രാമസഭ | 13.05.22 |
| വികലാംഗ ഗ്രാമസഭ | 13.05.2022 |
| ഊരുകൂട്ടം | 14.05.2022 , 15.05.22 |

2022-23 വർഷംവിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്കുകൾ | നടപ്പിലാക്കിയ പ്രോജക്കുകൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 1216134 | 794500 | 65.33 |
| വെറ്ററിനറി സർജൻ | 6 | 6 | 4264000 | 3389000 | 79.47 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 9 | 6 | 4125539 | 3511012 | 85 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 350000 | 350000 | 100 |

| | | | | | |
|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 1000000 | 400000 | 40 |
| വി.ഇ.ഒ | 20 | 17 | 22306452 | 10204275 | 45.74 |
| ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 13 | 11 | 4985395 | 3543651 | 71 |
| സെക്രട്ടറി | 35 | 33 | 7698612 | 6999743 | 91 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 111 | 84 | 34461982 | 20719869 | 60 |
| ഹെഡ്മാസ്റ്റർ | 2 | 2 | 429000 | 426560 | 99 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 2836440 | 2376071 | 83.77 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 1271000 | 903712 | 71 |
| ആകെ | 212 | 175 | 85144554 | 53818393 | 63.2 |

തൻ വർഷം 212 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 175 എണ്ണമാണ് നടപ്പിലാക്കിയത്. 85144554/-രൂപ അടങ്കൽ നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൻവർഷം 53818393/-രൂപയാണ് ചെലവഴിക്കാനായത്. വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയിൽ 63.2 ആണ് ചെലവ് ശതമാനം. അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 111 പ്രോജക്ടുകളിൽ 84 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത്. വി.ഇ.ഒ യുടെ ചെലവ് ശതമാനം 45 ആണ്.

മാലിന്യ നിർമ്മാർജ്ജനത്തിനായി ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങി നൽകിയിട്ടുണ്ട്. കുടുബശ്രീ ഹെൽപ് ഡെസ്ക്ക് പദ്ധതിക്കായി വാങ്ങിയ ലാപ് ടോപ്, പ്രിന്റർ എന്നിവ നാളിതുവരെ പ്രസ്തുത ആവശ്യത്തിലേക്ക് പ്രയോജനപ്പെടുത്തിയിട്ടില്ല. മുതുകോരമലയിൽ സ്ഥാപിച്ചിട്ടുള്ള ടേക്ക് എ ബ്രേക്ക് കെട്ടിടം പൂർത്തിയാക്കി നാളിതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല. എം.സി.എഫിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും ആയത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. വീട് നിർമ്മാണം, അറ്റകുറ്റപ്പണി, ശൗചാലയ നിർമ്മാണം തുടങ്ങി പൊതുജനങ്ങൾക്ക് ഏറ്റവും പ്രയോജന പ്രദമായ പ്രോജക്ടുകൾ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ടെങ്കിലും വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകൾക്ക് പരിമിതമായ തുകകൾ മാത്രമാണ് ധനസഹായമായി നൽകുന്നത്.

3957708 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു .

2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 3957708/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 21158280 | 20269250 | 889030 |
| വികസന ഫണ്ട് (എസ്.സി.പി) | 2141000 | 2119426 | 21574 |
| വികസന ഫണ്ട് (ടി.എസ്.പി) | 593000 | 553000 | 40000 |

| | | | |
|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 10259000 | 8481874 | 1777126 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 5037000 | 3807022 | 1229978 |
| ആകെ | | | 3957708 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 39 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാതുവർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം സാങ്കേതിക അനുമതി ലഭിച്ച 103 പ്രോജക്ടുകളിൽ 103 എണ്ണവും തൻവർഷം നടപ്പിലാക്കി. 36026 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 676 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, കയ്യാല നിർമ്മാണം, കൃഷിക്ക് നിലം ഒരുക്കൽ, വൃക്ഷത്തൈ നടീൽ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, അസോള, സോക്ക്പിറ്റ്, കംപോസ്റ്റ് പിറ്റ് എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ.MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 1355.87 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 17611065 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 689856 |
| ആകെ വരവ് | | 18302276.87 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 11189358 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1512950 |
| | സാധന വില,വാടക,ബാങ്ക് ചാർജ് | 4908757 |
| | ഭരണ ചെലവുകൾ | 689184 |
| ആകെ ചെലവ് | | 18300249 |
| | നീക്കിയിരിപ്പ് | 2027.87 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 16392400 | 1588 |
| കർഷക തൊഴിലാളി പെൻഷൻ | 2219200 | 209 |
| വിധവ പെൻഷൻ | 6622200 | 664 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 599200 | 59 |
| വികലാംഗ പെൻഷൻ | 2764000 | 264 |
| തൊഴിൽ രഹിത വേതനം | 21600 | 18 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 20/09/2023-ന് 03.10 PM സമയത്ത് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 32475/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ILGMS സോഫ്റ്റ് വെയർ മുഖേന ചെലവുവൗച്ചറുകൾ തയ്യാറാക്കിയത് അനുബന്ധരേഖകളുടെ പകർപ്പുകൾ സഹിതം പ്രിന്റെടുത്ത് മാസം തിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫണ്ടുകളുടെ കണക്കുകൾ കൃത്യമായി തയ്യാറാക്കി നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. വിവിധ ഏജൻസികളിൽ നിക്ഷേപിക്കുന്ന തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി നിക്ഷേപപ്രവൃത്തികളുടെ നിർമ്മാണത്തിന്റെ പുരോഗതി നിരീക്ഷിക്കുന്നില്ല. ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പരസ്പര ഏകോപനത്തോടെയുള്ള പ്രവർത്തനത്തിലൂടെ ആഭ്യന്തരനിയന്ത്രണം കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച നമ്പർ, തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2022-26.10.2022 | 2021-22 | റിപ്പോർട്ട് ലഭിച്ചില്ല. |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.03.2019 – 14.03.2019 | 2013-14മുതൽ 2017-18വരെ | LBA(HQ)II/I /8A-211 /18-19/18 തീയതി: 10.04.19 |

1-11 വസ്തുനികുതി - ഒരേ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളെ വ്യത്യസ്ത മേഖലയിലും വ്യത്യസ്ത വഴി സൗകര്യത്തിലും ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചു

പൂഞ്ഞാർ നടുഭാഗം വില്ലേജിൽ ബ്ലോക്ക് 64ൽ റീസർവേ നമ്പർ 42/14-2ൽ ഉൾപ്പെട്ടതും ശ്രീ.ബിനു ജോർജ്, മണ്ഡപത്തിൽ എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ളതുമായ 4.05ആർ സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളെ വ്യത്യസ്ത മേഖലയിലും വ്യത്യസ്ത വഴി സൗകര്യത്തിലും ഉൾപ്പെടുത്തിയതായി സഞ്ചയ സോഫ്റ്റ് വെയറിൽ കാണുന്നു. കൂടാതെ, ആകെ വിസ്തീർണ്ണം കൃത്യമായി കണക്കാക്കാതെ 100ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റ് എന്ന ഗണത്തിലാണ് ഉപയോഗക്രമം ചേർത്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥൻ | വാർഡ്/ കെട്ടിടനമ്പർ | വിസ്തീർണ്ണം (ച.മീ.) | കുറിപ്പുകൾ |
|---|---|---|---|
| ശ്രീ.ബിനു ജോർജ്, മണ്ഡപത്തിൽ | 1/457/C | 41.98 | താഴത്തെ നില, പ്രഥമമേഖല, പൂഞ്ഞാർ വെട്ടിപ്പറമ്പ്-ആനിയിളപ്പ് റോഡ്, 5മീറ്ററിൽ കൂടുതൽ വഴിസൗകര്യം, 100ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റ് 2022-23വർഷം വസ്തുനികുതി നിർണ്ണയിച്ചു |
| | 1/457/D | 39.79 | |
| | 1/457/E | 40.33 | |
| | 1/457/F | 21.87 | |
| | 1/457/G | 23.16 | |
| | 1/457/H | 106.98 | |
| | 1/457/I | 78.33 | |
| | 1/457/K | 38.38 | രണ്ടാംനില, ദ്വിതീയമേഖല, പൂഞ്ഞാർ വെട്ടിപ്പറമ്പ്-ആനിയിളപ്പ് റോഡ്, 1.5മീറ്ററിൽ കൂടുതൽ വഴിസൗകര്യം, 100ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റ്. |
| | 1/457/L | 31.88 | |
| | 1/457/M | 31.9 | |
| | 1/457/N | 29.89 | |
| | 1/457/P | 27.01 | |

| | | | |
|---|---|---|---|
| | | | 2023-24വർഷം വസ്തുനികുതി |
| | 1/457/Q | 26.18 | നിർണ്ണയിച്ച |
| ആകെ വിസ്തീർണ്ണം | | 537.68 | |

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 21/30.9.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ എല്ലാഭാഗങ്ങളും യഥാർത്ഥ ഉപയോഗക്രമത്തിന്റെയും മേഖലയുടെയും വഴിസൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ നികുതിനിർണ്ണയിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

1-12 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർപരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | നെട്സ്റ്റാർ ഗോൾഡ് ലോൺ |
| 2 | നെടുംപറമ്പിൽ ഗോൾഡ് ലോൺ |
| 3 | വാലാനിക്കൽ ഫ്യുവൽസ് |
| 4 | ആത്രഞ്ചേരിൽ റബേഴ്സ് |
| 5 | പൂഞ്ഞാർ ഫ്യുവൽസ് |
| 6 | അൽഫോൻസാ ഗ്യാസ് ഏജൻസീസ് |
| 7 | ഋഷി ഹെറിറ്റേജ് വില്ലേജ് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/29.9.23) തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 വാടക മുറികൾ ഒഴിവായി കിടക്കുന്നു

1.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ കടമുറികളും നിലവിൽ വാടകയ്ക്ക് നൽകിയിട്ടില്ലെന്ന് ഫയലുകളും കമ്മിറ്റി മിനിറ്റ്സും പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. പെരിങ്ങളം ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നിലയിലെ മുറികളും വനിതാ ഉൽപ്പന്ന വിപണന കേന്ദ്രത്തിലെ 4/68 നമ്പർ മുറിയുമുൾപ്പെടെ ഒഴിവായി കിടക്കുന്നതായി കമ്മിറ്റി മിനിറ്റ്സിൽ നിന്നും ബോധ്യപ്പെട്ടു. കൂടാതെ ഒന്നാം വാർഡിലുള്ള പഞ്ചായത്ത് ബിൽഡിംഗിൽ വില്ലേജ് ഓഫീസ് പ്രവർത്തിച്ച വന്നിരുന്ന 2 മുറികൾ സ്ഥാപനം കെട്ടിടം മാറിയതിനാൽ ഒഴിവായി കിടപ്പുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചു. വാടകയ്ക്ക് നൽകുവാൻ സാധിക്കുന്ന മുറികൾ ഒഴിവായിക്കിടപ്പുള്ളത് വാടകയ്ക്ക് നൽകി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ആകെ 13 കടമുറികൾ 2022-23 ൽ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പ്രകാരം വാടക ഡെപ്പോസിറ്റ് ഇനത്തിൽ തുകകളൊന്നും നീക്കിയിരിപ്പില്ലെന്ന കാണുന്നു. വാടക

വർദ്ധനവിന് ആനുപാതികമായി വാടക ഡെപ്പോസിറ്റ് ഓരോ വർഷവും ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/27.9.23) ഭരണ സമിതി യോഗത്തിൽ അവതരിപ്പിച്ച് വാടക ഡെപ്പോസിറ്റ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. വാടകക്കാരിൽ നിന്നും ആവശ്യമായ ഡെപ്പോസിറ്റ് തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് അനധികൃതമായി ഖനനം – ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി ഭ്രുവികസനപ്രവർത്തനങ്ങൾക്ക് പെർമിറ്റ് എടുത്തതിനുശേഷം പ്രസ്തുത സ്ഥലങ്ങളിൽ അനധികൃതമായി ഖനനം ചെയ്ത് കരിങ്കല്ല് കടത്തുന്നതായി രേഖകൾ വ്യക്തമാക്കുന്നു. അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് പാറപൊട്ടിച്ച് കടത്തുന്നതു സംബന്ധിച്ച് തഹസീൽദാർ, മൈനിംഗ് & ജിയോളജി വകുപ്പ് എന്നീ അധികാരികളിൽനിന്ന് അറിയിപ്പുകൾ ലഭിക്കുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നത്.

മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർ തെക്കേക്കര വില്ലേജിൽ ബ്ലോക്ക് 74ൽ റീസർവ്വേ 130/1-4 ൽപെട്ടതും 2646 നമ്പർ തണ്ടപ്പേർ പ്രകാരം ശ്രീ.അഗസ്റ്റിൻ ജോസഫ്, കണ്ടത്തിൽ എന്നയാളുടെ പേരിൽ ഉള്ളതുമായ 70.70 ആർ സ്ഥലത്ത് 165.35 ച.മീ. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്ന് എ2-ബിഎ271764/2021/10.11.2021 നമ്പരായി ബിൽഡിംഗ് പെർമിറ്റ് നൽകിയിരുന്നു. കെട്ടിടനിർമ്മാണത്തിന് 286.15ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിൽനിന്ന് അനുമതി നൽകിയതിനെ തുടർന്ന് മണ്ണെടുത്തപ്പോൾ കരിങ്കല്ല് കാണപ്പെടുകയും 805.86ക്യൂബിക് മീറ്റർ പാറ പൊട്ടിച്ച് മാറ്റുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽനിന്ന് ട്രാൻസിറ്റ് പാസിന് അപേക്ഷിക്കുകയും ചെയ്തു. മൈനിംഗ് & ജിയോളജി വകുപ്പ് അധികൃതരുടെ പരിശോധനയിൽ ഇത്രയും പാറയ്ക്കായി 48352/-രൂപ റോയൽറ്റിയായി സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ ടി പെർമിറ്റിൽനിന്ന് വ്യതിചലിച്ച് പാറപൊട്ടിക്കുന്നതായി മൈനിംഗ് & ജിയോളജി വകുപ്പിൽനിന്ന് റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തിയപ്പോൾ ഏകദേശം 5000 ക്യൂബിക് മീറ്റർ പാറ പൊട്ടിച്ചതായി കാണപ്പെടുകയും ഖനനം നിർത്തിവെയ്ക്കുന്നതിന് സെക്രട്ടറി എ2-1952/2021/29.4.2022 നമ്പരായി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി ഉത്തരവിനെതിരെ ശ്രീ.അഗസ്റ്റിൻ ജോസഫ് പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്, വില്ലേജ് ഓഫീസർ, മൈനിംഗ് & ജിയോളജി വകുപ്പ് എന്നിവരെ എതിർകക്ഷികളാക്കി ഹൈക്കോടതിയിൽ WP(c) 21359/2022, WA 1515/2022 നമ്പരായി കേസുകൾ ഫയൽ ചെയ്യുകയും കോടതി പ്രസ്തുത കേസുകൾ തള്ളുകയും ചെയ്തിരുന്നു.

മീനച്ചിൽ താലൂക്കിൽ നടുഭാഗം വില്ലേജിൽ ബ്ലോക്ക് 64ൽ റീസർവ്വേ 89/2-1ൽപെട്ടതും 4719നമ്പർ തണ്ടപ്പേർ പ്രകാരം ശ്രീമതി.ദീപാ രഞ്ജിത്, ചന്ദനപ്പാറ എന്നയാളുടെ പേരിൽ ഉള്ളതുമായ 18.79ആർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ നിന്ന് എ2-ബിഎ181612/2022 നമ്പരായി ബിൽഡിംഗ് പെർമിറ്റ് നൽകിയിരുന്നു. ടി പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ഭ്രൂമി നിരപ്പാക്കുന്നതിന്റെ ഭാഗമായി ടി സ്ഥലത്തുനിന്ന് 28മീറ്റർ നീളത്തിലും 8 വീതിയിലും 2 മീറ്റർ ഉയരത്തിലുമായി പാറ ഖനനം ചെയ്ത് കുറച്ച് പാറ സ്ഥലത്തുനിന്ന് നീക്കം ചെയ്തതിനെ തുടർന്ന് ടി സ്ഥലത്തെ ഖനന പ്രവർത്തനങ്ങൾ നിർത്തിവെച്ച് വില്ലേജ് ഓഫീസർ ഉത്തരവായതായി തഹസീൽദാർ ബി5-1230/18(2) നമ്പർ കത്തുപ്രകാരം അറിയിച്ചിരുന്നു. കൂടാതെ, ഗ്രാമപഞ്ചായത്തിൽനിന്നുള്ള സൈറ്റ് അപ്രൂവൽ & ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി പാറ ഖനനം ചെയ്ത് കടത്തിയതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കുവാൻ ടി കത്തിൽ നിർദ്ദേശിച്ചിട്ടുമുണ്ട്.

ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങളും നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ടും ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 6/26.9.2023, 9/27.9.2023 നമ്പരായി ഓഡിറ്റ് എൻക്വയറികൾ നൽകിയതിന് നിലവിൽ പാറ ഖനനം നടത്തുന്നില്ലെന്ന് അറിയിച്ചിട്ടുണ്ട്.

വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽനിന്ന് പെർമിറ്റ് നൽകിയതിനുശേഷം ഭൂവികസനം, കെട്ടിടനിർമ്മാണം എന്നിവ സംബന്ധിച്ച് നിരീക്ഷണം നടത്തുന്നതിനും സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് അധികൃതർ ജാഗ്രത പുലർത്തുന്നില്ലെന്ന് ഈ ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കുന്നു. പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ അനിയന്ത്രിതമായ പ്രകൃതിചൂഷണത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും അനധികൃത ഖനനം തടയുന്നതിനും പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ കെട്ടിടനിർമ്മാണം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും പരിസ്ഥിതി സംരക്ഷണപ്രക്രിയയ്ക്കും ഭരണസമിതിയുടെ നേതൃത്വത്തിൽ വാർഡ് തലത്തിൽ നിരിക്ഷണസ്ക്വാഡുകൾ ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും എന്ന് ഓഡിറ്റ് ശിപാർശചെയ്യുന്നു.

## 1-15 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന നിർമാണ യന്ത്രത്തിന് ഈടാക്കാവുന്ന ഫീസ് കുറവായി ഈടാക്കി

പഞ്ചായത്തിൽ നിന്നും കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന നിർമാണ യന്ത്രത്തിന് ഈടാക്കാവുന്ന ഫീസ് പൂർണ്ണമായി ഈടാക്കിയിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/ സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ തരം | മെഷിനറി എച്ച്.പി. (PCB സർട്ടിഫിക്കറ്റ് പ്രകാരം) | ഈടാക്കിയ ഫീസ് | ചട്ടം 18,19 പട്ടിക III പ്രകാരം ഈടാക്കേണ്ട പരമാവധി ഫീസ് |
|---|---|---|---|---|---|
| 1 | ജോജോ ജോസ്, മാനേജിംഗ് ഡയറക്ടർ, മീനച്ചിൽ റബർവുഡ് ലിമിറ്റഡ് | റബർ തടി ഉപയോഗിച്ച് ഫർണിച്ചർ നിർമാണം | 425 HP | 2125 | 4250 |

ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/27.9.23) ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 അധിക വിഭവ സമാഹരണം-അവലോകനം

1. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദേശങ്ങൾ അവതരിപ്പിക്കുന്നതിലും ആയത് നടപ്പിലാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യമായി ഇടപെടൽ നടത്തിയിട്ടില്ലെന്നു കമ്മിറ്റി

മിനിറ്റ്സ് പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ നിശ്ചിത ഇടവേളകളിൽ ഡിസിബി പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്.

2. 22.03.2023ലെ ജി.ഒ.(എം.എസ്)നം.77/2023/എൽ.എസ്.ജി.ഡി ഉത്തരവിലെ നിർദ്ദേശ പ്രകാരം 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ച വസ്തു നികുതി നിരക്കുകൾ 29.7.2023 ലെ 7(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തി നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്നുമുള്ള നിർദേശപ്രകാരം 3 ഉദ്യോഗാർത്ഥികളെ കണ്ടെത്തിയിട്ടുണ്ട്. ഫീൽഡ് പരിശോധന നടന്നുവരുന്നു. 1.4.2023 പ്രാബല്യത്തിൽ 5% നികുതി വർദ്ധനവ് ഉൾപ്പെടുത്തി സോഫ്റ്റ് വെയറിൽ നികുതി പുതുക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പഴയനിരക്കിൽ തന്നെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്വെയറിൽ ഐ.കെ.എം നിലവിൽ അപ്ഡേഷൻ നടത്തിയിട്ടുള്ളതിനാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് പുതിയനിരക്കിൽ നികുതി ഡിമാൻഡ് ചെയ്യേണ്ടതാണ്.

പഞ്ചായത്തിന്റെ റോഡ് മാപ്പ് പരിഷ്കരിക്കേണ്ട സാഹചര്യമാണുള്ളത്. പലപ്പോഴും ഒരേ റോഡിന് വിവിധ തരത്തിലായി നികുതി ഇളവും വർദ്ധനവും നൽകി വരുന്ന സാഹചര്യമാണുള്ളത്.

3. തൊഴിൽ നികുതിയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശികയില്ലെങ്കിലും പ്രൊഫഷണൽസ്, ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയവിഭാഗം തൊഴിൽ നികുതിയിൽ നിന്ന് ഒഴിവായി നിൽക്കുന്നുണ്ടെന്നു കാണുന്നു. കൃത്യമായ ഡേറ്റാ ബാങ്ക് തയ്യാറാക്കി പരമാവധി സ്ഥാപനങ്ങൾ, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ലൈസൻസെടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് നിലവിലും സൂക്ഷിക്കുന്നില്ല.

5. വാടക പിരിവ് രജിസ്റ്റർ പ്രകാരം പൂർണ്ണമാണെങ്കിലും പഞ്ചായത്തിന്റേതായി വിവിധ സ്ഥലങ്ങളിൽ മുറികൾ ഒഴിവായി കിടക്കുന്നുണ്ടെന്ന് കമ്മിറ്റി മിനിറ്റ്സ് പരിശോധനയിൽ ബോധ്യപ്പെട്ടു. മെയിന്റനൻസ് ആവശ്യമുള്ള മുറികൾ മെയിന്റനൻസ് നടത്തി ഒഴിവായി കിടക്കുന്ന മുറികളെല്ലാം വാടകയ്ക്ക് കൊടുക്കാൻ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ വാടക വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. അരുവിക്കച്ചാൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ടൂറിസം വകുപ്പിന് എൻഒസി നൽകുന്നതിന് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിക്കാവുന്ന ഭൂപ്രകൃതിയുള്ള പഞ്ചായത്താണെങ്കിലും ആവശ്യമായ തീരുമാനങ്ങൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

## 1-17 മുതുകോരമല ടേക്ക് എ ബ്രേക്ക് കെട്ടിടം-ഉപയോഗക്ഷമമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | ടേക്ക് എ ബ്രേക്ക്, മുതുകോര ടൂറിസം മേഖലയിൽ വിശ്രമകേന്ദ്രവും ശൗചാലയ സമുച്ചയ നിർമ്മാണവും, 39/23 |
| കരാറുകാരൻ | ബിനുജോർജ് |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 2973304/-(1263304/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 1500000/- സംസ്ഥാനാവിഷ്കൃത ഫണ്ട്, 210000/- കേന്ദ്രാവിഷ്കൃതഫണ്ട് ) |
| ചെലവ് | 1263304.00 (ബിൽ നം. 86/31-3-22, 2021-22)<br>2,10,000/- വൗച്ചർ നം 22200563-67 തീയതി3.12.22 |

പഞ്ചായത്ത് പരിധിയിലുള്ള മുതുകോരമലയിൽ ടൂറിസം സാദ്ധ്യതകൾ ഉള്ളതിനാൽ അവിടെയെത്തുന്ന ടൂറിസ്റ്റുകൾക്ക് വിശ്രമത്തിനും പ്രാഥമിക ആവശ്യങ്ങൾക്കും സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. ഓഡിറ്റ് വിഭാഗം 22-09-2023 തീയതിയിൽ പഞ്ചായത്ത് ഓവർസിയർ,പഞ്ചായത്ത് വൈസ് പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രാദേശികപരിശോധന നടത്തി.ഈ പരിശോധനയിൽ ബോദ്ധ്യപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

പ്രധാന റോഡിൽ നിന്നും ടേക്ക് എ ബ്രേക്ക് നിർമ്മാണം നടത്തിയ സ്ഥലത്തെത്തുന്നതിന് ഏകദേശം 3 കിലോമീറ്റർ ദൂരം സഞ്ചരിക്കേണ്ടതുള്ളതിൽ ഏറിയ പങ്കും വാഹന ഗതാഗതം അസാദ്ധ്യമായ റോഡാണ്.പഞ്ചായത്തിന് സ്വകാര്യ വ്യക്തി ശ്രീമതി ബിജി മാത്യു പ്ലാത്തോട്ടം നൽകിയ നാല് ആർ അഞ്ച് സ്ക്വയർ മീറ്ററോളം വരുന്ന സ്ഥലത്താണ് നിർമ്മാണ പ്രവൃത്തി നടത്തിയിരിക്കുന്നത്. ഈ സ്ഥലത്തുനിന്നും കാൽനടയായി രണ്ട് കിലോമീറ്ററോളം ദൂരം സഞ്ചരിച്ചാൽ മാത്രമാണ് മുതുകോരമലയിൽ എത്തിച്ചേരാനാവുക.ഇത്രയും ദൂരം സഞ്ചരിക്കാനായി വ്യക്തമായ റോഡില്ല എന്നതുമാത്രമല്ല. വ്യക്തമായി കാണാനാവുന്ന നടപ്പാത പോലുമില്ല എന്നത് യാത്ര ദുഷ്കരമാക്കുന്നു.

ദേശീയപാതകളുടെയും പൊതുമരാമത്ത് റോഡുകളുടെയും ഓരങ്ങളിൽ നടപ്പാക്കേണ്ട പദ്ധതിയാണ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നത്. പ്രസ്തുത സ്ഥലത്ത് ഏകദേശം 85 ച.മീ വരുന്ന ശുചിത്വ സമുച്ചയത്തിനായി സ്ട്രക്ചർ നിർമ്മാണവും ചുറ്റുമതിൽ നിർമ്മാണവും ഭാഗികമായി ഫിനിഷിങ്ങ് വർക്കുകളും നിർവ്വഹിച്ചിട്ടുണ്ട്. ഇനിയും ലക്ഷങ്ങൾ ചെലവഴിച്ചാൽ മാത്രമേ കെട്ടിടം ഉപയോഗപ്രദമാക്കാൻ കഴിയുകയുള്ളൂ. പൊതു സ്ഥലങ്ങളിൽ കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കുക എന്നത് പഞ്ചായത്തിന്റെ അനിവാര്യചുമതലയാണെങ്കിലും യാത്രികർക്ക് എത്തിച്ചേരുന്നതിനുള്ള വഴിസൗകര്യം പോലും ഇല്ലാത്ത സ്ഥലത്ത് നിർമ്മിച്ച ടോയ്‌ലറ്റ് ബ്ലോക്ക് കെട്ടിടം ജനോപകാര പ്രദമാക്കുന്നതെങ്ങനെയെന്നത് വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.5/26.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 'ടേക്ക് എ ബ്രേക്ക്' കെട്ടിടം നിഷ്ക്രിയാസ്തിയായി മാറാതെ, ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി കെട്ടിടം പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-18 എംസിഎഫിൽ ബെയിലിംഗ് മെഷീൻ-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 246/23, എംസിഎഫിൽ ബെയിലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-650000,<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-300000 |

| | |
|---|---|
| ചെലവ് | ധനകാര്യകമ്മീഷൻ അവാർഡ്- 600000(ബിൽ നം. 408/29.3.2023) |

അസി. സെക്രട്ടറി 2022-23 വർഷം നിർവഹണം നടത്തിയ പ്രോജക്ടായിരുന്ന എംസിഎഫിൽ ബെയിലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ (പ്രൊജ്ക്റ്റ് നം. 246/23). പദ്ധതിയ്ക്കായി ജെം വഴി ഹാപ്പി ഹാൻഡ്സ് ഗ്ലോബൽ എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്ത് തുക കൈമാറുകയും എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ എംസിഎഫിനോടു ചേർന്നുള്ള സ്ഥലത്ത് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നു കാണുന്നു. സ്ഥാപനവുമായുള്ള എഗ്രിമെന്റ് പ്രകാരം 1 വർഷത്തെ വാറന്റിയാണുള്ളതെന്ന് കാണുന്നു. മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ത്രീ ഫേസ് കണക്ഷൻ നിലവിലും ലഭ്യമായിട്ടില്ലാത്തതാണ്. ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/27.9.2023) 2022-23 സാമ്പത്തിക വർഷം അവസാനത്തോടെയാണ് മെഷീൻ ലഭ്യമായതെന്നും 2023-24 ൽ അസി. എഞ്ചിനീയറുടെ പ്രോജ്കടായി ഉൾപ്പെടുത്തി വൈദ്യുതീകരണത്തിന് നടപടി സ്വീകരിച്ചു വരുന്നതാണെന്നും മറുപടി ലഭ്യമായി. വൈദ്യുതീകരണത്തിനുള്ള നടപടികൾ പൂർത്തീകരിച്ച് മെഷിൻ എത്രയും വേഗം ഉപയോഗപ്രദമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രോജക്ടുകൾ പ്രവർത്തനക്ഷമമാകുന്ന രീതിയിൽ ആസൂത്രണം ചെയ്യാത്തതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് നിർവ്വഹണോദ്യോഗസ്ഥനും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും ഭരണ സമിതിയും ഉത്തരവാദികളാണ്.

## 1-19 ഇടമല എസ്.റ്റി സാംസ്കാരിക നിലയം പ്രവർത്തനക്ഷമമാക്കിയില്ല

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | ഇടമല എസ് റ്റി സാംസ്കാരിക നിലയം മെയിന്റനൻസ്<br>156/23 |
| കരാറുകാരൻ | ബിനുജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 50,000/- വികസന ഫണ്ട് (TSP) |
| ചെലവ് | 40,259/- ബിൽനം.8/31.03.2023 |

ഇടമല എസ്സ്റ്റി സാംസ്കാരിക നിലയം മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ കെട്ടിടം പെയിന്റിങ്ങ്, ജനൽ പാളികൾ ഘടിപ്പിക്കൽ വാട്ടർ ടാങ്ക് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ വിഭാവനം ചെയ്തിരുന്നു. ഓഡിറ്റ് വിഭാഗം 22-09-2023 തീയതിയിൽ പഞ്ചായത്ത് ഓവർസിയർ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രാദേശികപരിശോധന നടത്തിയപ്പോൾ ഇടമല എസ്സ്റ്റി സാംസ്കാരിക നിലയം പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്തതായും പ്ലംബിങ്ങ് പ്രവൃത്തികൾ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടില്ലാത്തതിനാൽ വാട്ടർ ടാങ്ക് ഘടിപ്പിക്കാനാകാതെ ഉപേക്ഷിക്കപ്പെട്ട നിലയിലും കാണാൻ കഴിഞ്ഞു. സാംസ്കാരിക നിലയം പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ 12/27.09.2023 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സാംസ്കാരിക നിലയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-20 കുടുംബശ്രീ ഹെൽപ്പ്ഡെസ്ക് സംവിധാനമൊരുക്കൽ - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 186/23 കുടുംബശ്രീ ഹെൽപ്പ്ഡെസ്ക് സംവിധാനമൊരുക്കൽ |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 150000 |
| ചെലവ് | 148370 |
| ധനസ്രോതസ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് (വൗച്ചർ നം.XVFC/2022-23 /P72/28.02.2023) |

കുടുംബശ്രീ മുഖേന ഹെൽപ്പ്ഡെസ്ക് സംവിധാനമൊരുക്കുന്നതിലേയ്ക്കായി ടെൻഡർ ക്ഷണിച്ച് കെ.എം.ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്ന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | വില |
|---|---|---|
| ലാപ്ടോപ്HP 240G8 I3 14” (ബാഗ് ഉൾപ്പെടെ) | 1 | 49875 |
| എ3 ഡിജിറ്റൽ കോപ്പിയർ MFD Sharp BP-20M22T (കേബിൾ ഉൾപ്പെടെ) | 1 | 98495 |

എന്നാൽ ടി ഉപകരണങ്ങൾ കുടുംബശ്രീയ്ക്ക് കൈമാറുകയോ കുടുംബശ്രീയുമായി കരാർ ചമയ്ക്കുയോ ഹെൽപ്പ്ഡെസ്ക് പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 10/27.9.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് ലാപ്ടോപ്, ഡിജിറ്റൽ കോപ്പിയർ എന്നിവ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. കൂടാതെ, സർക്കാർ ഉത്തരവ് പ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കി ഹെൽപ്പ് ഡെസ്ക് പ്രവർത്തനക്ഷമമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്നതിന് സ്ഥലസൗകര്യം/വാടക, ഫർണിച്ചർ, ഇലക്ട്രിസിറ്റി, ശുദ്ധജലം, ഇൻറർനെറ്റ് സൗകര്യം, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും തുടങ്ങിയവ ഒരു വർഷ കാലയളവിലേയ്ക്ക് ഏർപ്പെടുത്തി കൊടുക്കാവുന്നതാണെന്നും ഒരു വർഷത്തിനുശേഷം സ്ഥലസൗകര്യം, വൈദ്യുതി എന്നിവയൊഴികെയുള്ള സൗകര്യങ്ങൾ കുടുംബശ്രീ സംരംഭക യൂണിറ്റ് സ്വന്തം നിലയ്ക്ക് ഏർപ്പെടുത്തേണ്ടതാണെന്നും സ.ഉ(കൈ)75/2022/ത.സ്വ.ഭ.വ തീയതി 06.04.2022 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി കരാർ ചമയ്ക്കുന്നതിനും സമയബന്ധിതമായി ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിലേക്കായി 148370/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 മുൻകൂറായി തുക പിൻവലിച്ചത് - വിനിയോഗവിവരം ലഭ്യമല്ല

1.ഡെപ്പോസിറ്റ് പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് വിവിധ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകിയിരുന്നു. എന്നാൽ പ്രവൃത്തികൾ പൂർത്തിയായതിന്റെ വിശദാംശങ്ങൾ, വിനിയോഗവിവരങ്ങൾ എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | സ്ഥാപനം | മുൻകൂർ നൽകിയ തുക | വിനിയോഗവിവരങ്ങൾ ലഭിക്കുവാൻ അവശേഷിക്കുന്ന തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 1/23 സ്ട്രീറ്റ് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി | 839570 | 839570 | XVFC/22-23/ P40/15.11.2022 ധനകാര്യകമ്മീഷൻ |

| | | | | |
|---|---|---|---|---|
| | | | | ഗ്രാന്റ് |
| 184/23 പി.എച്ച്.സി, എഫ്.എച്ച്.സി എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മാണം | ഭൂജലവകുപ്പ് | 230000 | 230000 | XVFC/22-23/ P39/11.11.2022 ധനകാര്യകമ്മീഷൻ ഗ്രാന്റ് |

പ്രവ്യത്തിയുടെ പൂർത്തീകരണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 2/25.9.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് സ്ട്രീറ്റ് ലൈൻ വലിക്കൽ, കുഴൽകിണർ നിർമ്മാണം എന്നിവയുടെ എസ്റ്റിമേറ്റ് ലഭിച്ച് സൈറ്റ് ഇൻസ്പെക്ഷൻ പൂർത്തിയായതായി അറിയിച്ചിട്ടുണ്ട്. പ്രവ്യത്തികൾ പൂർത്തീകരിച്ചതിന്റെയും തുകയുടെ വിനിയോഗവിവരവും ഓഡിറ്റിൽ ലഭ്യമാക്കുന്നതിലേയ്ക്കായി 1069570/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) സമഗ്രശിക്ഷകേരള

സെക്രട്ടറി നിർവഹണം നടത്തിയ 59/23 എസ്.എസ്.കെ വിഹിതം എന്ന പ്രോജക്ടുപ്രകാരം സമഗ്രശിക്ഷകേരള എന്ന സ്ഥാപനത്തിന് 200000/-രൂപ കൈമാറിയിരുന്നു. എന്നാൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആയതിനാൽ 200000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എസ്.എസ്.കെ ജില്ലാ പ്രോജക്ട് ഓഫീസറിൽനിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ചെലവ് | 200000രൂപ |
| ബിൽ നമ്പർ/ തീയതി | 10/23.8.2022 |
| ധനസ്രോതസ് | വികസനഫണ്ട് (ജനറൽ) |

1-22 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നം. | 21/23 |
| ചെലവ് | 200000 |
| ബിൽ നം. | 01/22-23/31.12.23 |
| ഫണ്ടിനം | സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഫീസർ (ഹോമിയോ) |

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 200000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധിച്ചതിൽ 117455/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളതായി കാണുന്നുള്ളു. ബാക്കി 82545/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/25.09.23)മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 82545/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 വീട് വാസയോഗ്യമാക്കൽ- ധനസഹായത്തിന് നൽകുന്ന തുക അപര്യാപ്തം

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022 /തസ്വഭവ.തീ.28.05.2022 പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതികൾക്ക് പൊതു വിഭാഗത്തിന് 100000/- രൂപയും എസ്.സി, എസ്.റ്റി വിഭാഗത്തിന് 150000 രൂപയും ആണ് പരമാവധി സബ്സിഡി നൽകാവുന്നത് . എന്നാൽ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി തൻ വർഷം നടപ്പാക്കിയ വീട്

പുനരുദ്ധാരണ പ്രോജക്ടുകളിൽ ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 30000/- രൂപയും പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 75000/- രൂപയുമാണ് ധനസഹായം നൽകിയിട്ടുള്ളത്. ഇതിൽ നിന്നും കേവലം നാമമാത്രമായ തുകയാണ് പ്രോജക്ടിൽ വകയിരുത്തി ഗുണഭോക്താക്കൾക്ക് നൽകിവരുന്നതെന്ന് കാണുന്നു. വീട് പുനരുദ്ധാരണം പോലെയുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പദ്ധതികൊണ്ട് ഗുണഭോക്താവിന് പൂർണ്ണമായ പ്രയോജനം ലഭിക്കത്തക്കവിധത്തിലുള്ള കാഴ്ചപ്പാടോടുകൂടി വിഹിതം നിശ്ചയിക്കേണ്ടതാണ്. കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുക എന്നതിലുപരി നടപ്പിലാക്കുന്ന പദ്ധതികൊണ്ട് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നു എന്ന് കൂടി ഉറപ്പാക്കേണ്ടതാണ്. വീട് പുനരുദ്ധാരണം എന്ന പദ്ധതിക്ക് കേവലം 30000/- രൂപ മാത്രം നൽകുന്നതു കൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ തുടർ വർഷങ്ങളിൽ വീട് വാസയോഗ്യമാക്കൽ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് അർഹമായ തുക അനുവദിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടതാണ്.

## 1-24 ലൈഫ് ഭവനപദ്ധതി- വീട് നിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ വർഷങ്ങളിൽ കരാർ വെച്ച് തുക കൈമാറിയിട്ടുള്ള 6 ഗുണഭോക്താക്കൾ നാളിതുവരെ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതിയും നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/29.09.23) ലഭ്യമാക്കിയ മറുപടിയുൾപ്പെടെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | വിഭാഗം | നാളിതുവരെ നൽകിയ തുക | അവസാനം തുക നൽകിയ തീയതി | നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|
| 1 | ജയകുമാർ.ജി, ജയന്തിഭവൻ, കുന്നോന്നി | പട്ടികജാതി | 160000 | 29.03.21 | ടിയാൻ തറ പണി പൂർത്തീകരിച്ചതാണ്. തുടർപണി നടത്തുന്നതിന് തുക നൽകിയിട്ടും ബാക്കി പണി നടത്തിയിട്ടില്ല.ടിയാൾക്ക് പണി പൂർത്തീകരിക്കണമെന്ന് കാണിച്ച് നോട്ടീസ് അയച്ചിട്ടുള്ളതാണ്. വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2 | കമലാക്ഷി ഗോപിനാഥ്,പൊങ്ങലയിൽ, കുന്നോന്നി | പട്ടികജാതി | 120000 | 14.03.21 | ടി ഗുണഭോക്താവ് തറപണി ഭാഗീകമായി പൂർത്തീകരിച്ചിട്ടുണ്ട്. ടിയാൾ രോഗാവസ്ഥയിലായതിനാൽ തുടർ പണികൾ |

| | | | | | |
|---|---|---|---|---|---|
| | | | | | നടത്തിയിട്ടില്ല. വീട് പണി പൂർത്തീകരിക്കണമെന്ന് കാണിച്ച് നോട്ടീസ് അയച്ചിട്ടുള്ളതാണ്. വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 3 | സതീഷ്.വി.ജി& ത്രേസ്യാമ്മ,വെമ്പള്ളിൽ, അടിവാരം | പട്ടികജാതി | 140000 | 16.03.22 | ടി ഗുണഭോക്താവ് ലിന്റൽ ലെവൽ വരെ വീട് പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. തുടർന്ന് തുക നൽകിയിട്ടും വാർപ്പ് പൂർത്തീകരിച്ചിട്ടില്ല. ടിയാൻ അസുഖം മൂലം ചികിത്സയിലാണ്. വീട് പണി പൂർത്തീകരിക്കണമെന്ന് കാണിച്ച് നോട്ടീസ് അയച്ചിട്ടുള്ളതാണ്. വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 4 | ശശി, നിരപ്പേൽ, ചോലത്തടം | പട്ടിക വർഗ്ഗം | 140000 | 22.03.21 | ടി ഗുണഭോക്താവ് തറ പണി ഭാഗീകമായി പൂർത്തീകിച്ചിട്ടുള്ളതാണ്. സാമ്പത്തിക പ്രശ്നങ്ങൾ മൂലം പണി തുടരാൻ സാധിച്ചിട്ടില്ല. വീട് പണി പൂർത്തീകരിക്കണമെന്ന് കാണിച്ച് നോട്ടീസ് അയച്ചിട്ടുള്ളതാണ്.വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 5 | രേഖ.വി.ആർ, വട്ടുകുളത്തിൽ, ചോലത്തടം | പട്ടിക വർഗ്ഗം | 40000 | 21.02.22 (അഡ്വാൻസ്) | ടി ഗുണഭോക്താവ് പണി ആരംഭിച്ചിട്ടില്ല. ടിയാൾ പ്രസ്തുത സ്ഥലത്ത് വീട് പണിയുന്നില്ലാത്തതിനാൽ തുക തിരിച്ച് അടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| 6 | ശേഖൻ.വിഎ, വേലിയ്ക്കൽ,ചോലത്തടം | പട്ടിക വർഗ്ഗം | 40000 | 21.02.22 (അഡ്വാൻസ്) | ടി ഗുണഭോക്താവ് തറപണി ആരംഭിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല.വീട് പണി പൂർത്തീകരിക്കണ |

| | | | | | |
|---|---|---|---|---|---|
| | | | | | മെന്ന് കാണിച്ച് നോട്ടീസ് അയച്ചിട്ടുള്ളതാണ്. വീട് പണി പൂർത്തീകരിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

ഇതിൽ ക്രമനം.4,5,6 എന്നിവയിലെ ഗുണഭോക്താക്കൾക്ക് അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ തറ നിർമ്മാണം പോലും പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുകയോ നിന്നും നൽകിയ തുക പിഴപലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. മറ്റുള്ള ഗുണഭോക്താക്കളുടെ വീട് പണി കൃത്യമായി നിരീക്ഷിക്കേണ്ടതും നിർമ്മാണം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ തുക തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 ഗ്രാമപഞ്ചായത്ത് വക വസ്തുവിന്റെ അതിര് ചേർത്ത് നിർമ്മാണപ്രവൃത്തി - തുടർനടപടികൾ സ്വീകരിച്ചില്ല

ശ്രീ.റോബർട്ട് ജോർജ്, കദളിക്കാട്ടിൽ, അടിവാരം എന്നയാളുടെ ഉടമസ്ഥതയിൽ പൂഞ്ഞാർ നടുഭാഗം വില്ലേജിൽ ബ്ലോക്ക് 64ൽ സർവേ നമ്പർ 69/2-1ൽ 16.19ആർ സ്ഥലത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് A2-BA(306477/2021) കെട്ടിടനിർമ്മാണപെർമിറ്റ് അനുവദിച്ചിരുന്നു. ടി കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി കോളം ഫൂട്ടിംഗ് ജോലിയ്ക്കായി ഗ്രാമപഞ്ചായത്ത് വക വസ്തുവിന്റെ അതിര് ചേർത്ത് കുഴികൾ കുഴിക്കുകയും പഞ്ചായത്ത് വക വസ്തുവിന്റെ പടിഞ്ഞാറ് അതിർത്തിയിൽനിന്ന് അനധികൃതമായി മണ്ണ് നീക്കുകയും ബസ് സ്റ്റാൻഡിന്റെ ഇടതുവശത്ത് മണ്ണ് കൂട്ടിയിടുകയും ചെയ്തതായി എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി നിർമ്മാണപ്രവൃത്തിയ്ക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും താലൂക്ക് സർവേയറെക്കൊണ്ട് 4.3.2022ൽറീസർവ്വേ നടത്തുകയും ചെയ്തിട്ടുണ്ട്. സ്റ്റോപ്പ് മെമ്മോയ്ക്ക് ടിയാൻ നൽകിയ മറുപടിയിൽ ജനകീയ ഹോട്ടലിനോടു ചേർന്നുള്ള ഭാഗത്ത് സംരക്ഷണഭിത്തി പണിതുകൊള്ളാമെന്നും റോഡിനോട് ചേർത്ത് കൂട്ടിയിട്ടിരിക്കുന്ന മണ്ണ് മാറ്റിക്കൊള്ളാമെന്നും പഞ്ചായത്ത് കെട്ടിടത്തിൽനിന്ന് നിർദ്ദിഷ്ട അകലത്തിലേ പണികൾ നടത്തുകയുള്ളൂവെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി തുടരുന്നതിന് അനുമതി നൽകുന്നതിന് 2/1/16.3.2022 നമ്പരായി ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതിന് 17/29.9.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് റീസർവേയിൽ പഞ്ചായത്ത് വക സ്ഥലം കൈയേറിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് പ്രവൃത്തി തുടരുന്നതിന് അനുമതി നൽകിയതെന്നും കെട്ടിടനിർമ്മാണം 2019ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണനിയന്ത്രണം) ചട്ടങ്ങൾക്ക് വിധേയമാണെന്ന് സാങ്കേതികവിഭാഗം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടനമ്പർ അനുവദിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വക സ്ഥലങ്ങളുടെ അതിരുകൾ വ്യക്തമായി നിർണ്ണയിച്ച് സംരക്ഷണഭിത്തികൾ നിർമ്മിക്കുന്നതിനും ആസ്തികൾ അന്യാധീനപ്പെടാതിരിക്കുന്നതിനും അതീവജാഗ്രത പുലർത്തേണ്ടതാണ്.

## 1-26 വസ്തുനികുതി പരിഷ്കരണം

സ.ഉ.(കൈ) 77/2023/തസ്വഭവ തീയതി 22.3.2023 പ്രകാരം 1.4.2023 പ്രാബല്യത്തിൽ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിന് ഭരണസമിതി തീരുമാനം (നമ്പർ 2(1)/ 18.4.2023) എടുത്തിട്ടുണ്ട്. ഇതിനെ തുടർന്ന് കരട് വിജ്ഞാപനം പുറപ്പെടുവിച്ച് പൊതുജനങ്ങളിൽനിന്ന് അഭിപ്രായങ്ങൾ, ആക്ഷേപങ്ങൾ ക്ഷണിക്കുകയും ചെയ്തിരുന്നു. പത്രത്തിലും നോട്ടീസ് ബോർഡിലും വിജ്ഞാപനം പ്രസിദ്ധീകരിച്ചെങ്കിലും ആക്ഷേപം ഒന്നും

തന്നെയില്ലാതിരുന്നതിനാൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

5വർഷത്തേയ്ക്കുള്ള ഡിമാൻഡ് നോട്ടീസ് ഫോറം 9Aകെട്ടിട ഉടമകൾക്ക് നൽകിയിട്ടുണ്ടെന്നും 31.3.2023വരെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിലെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഫോറം 9B കെട്ടിട ഉടമകളിൽനിന്ന് ശേഖരിച്ച് ഫീൽഡ് പരിശോധന നടത്തുന്നതിലേയ്ക്കായി ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെന്നും ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലകൾ, വഴികൾ എന്നിവയുടെ തരം വ്യക്തമാക്കി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഐ.കെ.എം സഞ്ചയ സോഫ്റ്റ് വെയറിൽ അപ്ഡേഷൻ വരുത്തിയിട്ടുള്ളതിനാൽ ഫീൽഡ് പരിശോധനയും വസ്തുനികുതി പരിഷ്കരണവും സമയബന്ധിതമായി നടപ്പാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | ഞങ്ങളും കൃഷിയിലേക്ക്-കൂലിച്ചെലവ് സബ്സിഡി(93/23) | 100000 | 0 |
| | | 100000 | പാലിയേറ്റീവ് | 100000 | 00 |

| | | | | | |
|---|---|---|---|---|---|
| | | | കെയർ(25/23) | | |
| | | 498390 | ലൈഫ് ഭവന പദ്ധതി (ജനറൽ) (87/23) | 498390 | 0 |
| | | 75000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്(77/23) | 75000 | 0 |
| | | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (83/23) | 150000 | 0 |
| ആകെ | | 923390 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 923390 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | ലൈഫ് ഭവന പദ്ധതി (ജനറൽ) (87/23) | 200000 | 0 |
| | | 220965 | ലൈഫ് ഭവന പദ്ധതി എസ് റ്റി(255/23) | 220965 | 0 |
| | | 120000 | ലൈഫ് ഭവന പദ്ധതി എസ് റ്റി(53/23) | 120000 | 0 |
| | | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്(77/23) | 100000 | 0 |
| ആകെ | | 640965 | ജില്ലാ പഞ്ചായത്ത് വിഹിതം | 640965 | 0 |

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ പ്രവൃത്തികൾക്കായി തുകകൾ നിർവഹണ ഏജൻസികളിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ് ഇ ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (പ്രൊജക്റ്റ് നം84/23) | 839570 | 0 | 839570 |
| ഭൂജല വകുപ്പ് | പൂഞ്ഞാർ എഫ്എച്ച്സി പയ്യാനിത്തോട്ടം പിഎച്ച്സി സബ്സെന്റർ എന്നിവടങ്ങളിൽ കുഴൽക്കിണർനിർമ്മാണം(പ്രൊജക്റ്റ് നം.184/23) | 230000 | 0 | 230000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | 2021-22 ൽ മുതലിലേക്ക് തിരിച്ചടച്ച തുക | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|
| ലൈഫ് ഭവനപദ്ധതിയ്ക്ക് വേണ്ടി KURDFC യിൽ നിന്നും അനുവദിച്ച ലോൺ | 8344000 | 1100000 | 1252342 | 8191658 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം വിവിധ രസീതുകളിലായി പിരിച്ചെടുത്ത റിക്കവറികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2013-14&2014-15 | 2-3 | 1986 | ബേബി ജേക്കബ്, ആലയ്ക്കപ്പറമ്പിൽ പനച്ചികപ്പാറ | 1220101218/24.8.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | നിയമസഭാസമിതി പരിഗണിച്ചിട്ടില്ല |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | " |
| 2020-21 | 1-12 | 2021-21 | അനുബന്ധം-1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് | " |

4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ (റസീപ്റ്റ് &പെയ്മെന്റ് പ്രകാരം) | : | 45685598 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് &പെയ്മെന്റ് പ്രകാരം) | : | 33846770 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1500485/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 148370 | ശ്രീ.റ്റിജി തോമസ്,സെക്രട്ടറി |
| 1-21(1) | 1069570 | ശ്രീ.റ്റിജി തോമസ്, സെക്രട്ടറി |
| 1-21(2) | 200000 | ശ്രീ.രാജീവ് ആർ, സെക്രട്ടറി |
| 1-22 | 82545 | ഡോ.ജോയ്സി ജോൺ, മെഡിക്കൽ ഓഫീസർ (പിഎച്ച് സി) |
| ആകെ | 1500485 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00,2000-01, 2001-02 | എൽ.എഫ്.കെ.പി7/910/03/ 11.05.04 | - |
| 2003-04 (ചെലവ് ) | കെ.എസ്.എ-കെ.ടി.എം-പി.14 (അദാ2018)/206(4), 28.02.2018 | 01 |
| 2006-07 | കെ.എസ്.എ-കെ.ടി.എം-പി14 (അദാ2022) 1864(2)/22, 25.08.2022 | 02 |
| 2008-09 | കെ.എസ്.എ-കെ.ടി.എം-പി2/ 1311/13, 24.10.2013 | 06 |
| 2010-11 | കെ.എസ്.എ-കെ.ടി.എം-പി14 (അദാ2022)/ 1864(4)/22, 25.08.2022 | 04 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം-പി14 (അദാ2022)/ 1864(6)/22, 25.08.2022 | 01 |
| 2016-17 | കെ.എസ്.എ-കെ.ടി.എം-പി14 (അദാ2022)/1342/22, 25.08.2022 | 02 |
| 2017-18 | കെ.എസ്.എ-കെ.ടി.എം-പി14. 303/19, 14.10.2019 | 16 |
| 2018-19 | കെ.എസ്.എ-കെ.ടി.എം-പി14 (അദാ2022)/1343/22, 25.08.2022 | 08 |
| 2019-20 | കെ.എസ്.എ-കെ.ടി.എം-പി.14/ 1290/21, 02.06.22 | 10 |
| 2020-21 | കെ.എസ്.എ-കെ.ടി.എം-പി.14/ 1291/21, 23.07.22 | 18 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി- | 31 |

| | | | |
|---|---|---|---|
| | 14/ 2598/22 /20.07.23 | | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Poonjar Thekkekkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Poonjar Thekkekkara Grama Panchayat for the year 2022-2023

Date: 25/11/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Poonjar Thekkekkara Grama Panchayat for the Year 2022-2023.

**1.Major Observations**

1.General Fund Details not maintained. Source Data not available for the value of total general fund as on 31/03/2023.

2. Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of current year are not available.

3.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.

**2.Other Observations**

1. Ratios on various financial performance as prescribed in accounting rules are not generated and

submitted for audit.

2. Cashflow statement -Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Documents and necessary worksheet in support of provision for depreciation on fixed assets not produced for verification.

4. Advance to Saksharata prerak not accounted in concerned account head.

5.Deposit register not maintained properly.

6.Advance register-deatails of the previous years amounts not maintained.

7.Directly credited by bank-unidentified amount of 1138/- taken in other deposit head.

8. Government and other dues register not maintained.

9. Capital Work in Progress Details and adjustment details not maintained.

10. Details of prior period adjustments are not submitted as notes on accounts with 2022-23 AFS.

11. Central Finace Commission Grant closing balance in bank account differs from liability as per B-4 schedule.

**Deputy Director**
**District Audit Office, Kottayam**
**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്